# <u>അസ്ത്രമാക്കുന്ന ശസ്ത്രം</u>

**[പ്രൊഫസ്സർ കുഞ്ഞാപ്പു, *D.Sc., Ph.D.*]**

**തീൻമേശയിലെ** നീലപ്പാത്രത്തിൽ
തലതിരിഞ്ഞ മുള്ളും കത്തിയും
കരണ്ടിയിൽ നിന്നും വേർതിരിക്കുന്ന
സാദ്ധ്യതാക്കണക്കിന്റെ കൂട്ടുപെരുക്കം
അന്ധമായ് തടവിയെത്തുന്ന
രക്താഭയുള്ള റോസാദളം.
കാപ്പിത്തുള്ളി അള്ളിപ്പിടിക്കുന്ന
ബാഷ്പീകരണ പഞ്ചാരത്തരി.
ഉരുളയുരുട്ടി ഉപ്പേരി വിഴുങ്ങുന്ന
മറുവാക്കിന്റെ വജ്രത്തീവ്രത
തലോടി താടിക്കുന്ന അനാമികയെ
വരുതിയിൽ വീഴ്ത്തി വാഴ്ത്തുന്നു.

**കണ്ണിൽ** തീപ്പൊരി വസന്തം
കർണ്ണത്തിൽ അവിനാശി രോമന്ഥം
നെഞ്ചിൽ മൊട്ടിട്ട മകരന്ദം.
പാഠപുസ്തക കൃത്യതയിൽ
എടുപ്പുള്ള ഇടുപ്പെല്ലിൽ
മാതൃകാ ജൈവസ്ഥിതിവിവരം.
അന്നജവും മാംസ്യവും മധുരവും
അന്നനാളമറിയാതെ ഉതിരുന്ന
ദീപ്തരസ സ്വരനിഴലിൽ
ഇരുശതം അസ്ഥിയിലാഴത്തിൽ
ഇരുളിൽ വരഞ്ഞ രേഖാചിത്രം.

**ഇൻബോക്സിലെ** നക്ഷത്രത്തിൽ
അരം അടയാളപ്പെടുത്തിയ
അനുഭൂതിയുടെ അങ്കിതമുദ്ര
സ്പാം ഫോൾഡറിലെ രൌദ്രതയിൽ
മറവിക്കു അടിവരയിടുന്ന
ശാകുന്തളത്തിലെ അങ്കമാക്കുന്നു
പരിണായ പരിണാമ പരിണയം.
***********************************************************